**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1992** **11-10-2021 - ൽ മറുപടിയ്ക്ക്**

**കാസർഗോഡ് ദേളിയിലെ 8-ാം ക്ലാസ് വിദ്യാർത്ഥിനി ആത്മഹത്യ ചെയ്ത സംഭവം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ സി എച്ച് കുഞ്ഞമ്പു | | **Shri. Pinarayi Vijayan**<br>(മുഖ്യമന്ത്രി) | |
| (എ) | കാസർഗോഡ് ദേളിയിലെ സ്വകാര്യ ഇംഗ്ലീഷ് മീഡിയം സ്കൂളിലെ 8-ാം ക്ലാസ് വിദ്യാർത്ഥിനി സഫ ഫാത്തിമ ആത്മഹത്യ ചെയ്ത സംഭവം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ഉണ്ട് |
| (ബി) | ഇതു സംബന്ധിച്ച് കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ടോ; പ്രസ്തുത കേസിലെ പ്രതികൾ ആരൊക്കെയാണ്; പ്രതികളെ അറസ്റ്റ് ചെയ്തിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ? | (ബി) | പ്രസ്തുത സംഭവവുമായി ബന്ധപ്പെട്ട് മേൽപ്പറമ്പ പോലീസ് സ്റ്റേഷൻ ക്രൈം നം. 493/2021 u/s 174 CrPC ആയി കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തി വരുന്നു. ഈ കേസിന്റെ അന്വേഷണത്തിൽ മരണപ്പെട്ട സഫ ഫാത്തിമ പഠിച്ചിരുന്ന സ്കൂളിലെ അദ്ധ്യാപകനായിരുന്ന ഉസ്മാൻ എന്നയാൾ പെൺകുട്ടിയെ ലൈംഗിക ചൂഷണം നടത്തിയതായി വെളിവായിട്ടുള്ളതിനാൽ Sec.12 r/w 11 (v) of POCSO Act 2012 & 75 of JJ Act കൂട്ടിച്ചേർത്ത് അന്വേഷണം നടത്തി വരുന്നു. പ്രതിയായ ഉസ്മാന്റെയും മരണപ്പെട്ട പെൺകുട്ടിയുടെയും മൊബൈൽ ഫോൺ രേഖകൾ പരിശോധിച്ചതിൽ പ്രതിയുടെ പ്രേരണയിൽ കുട്ടി ആത്മഹത്യ ചെയ്തതായി വെളിവായിട്ടുള്ളതിനാൽ പ്രതിക്കെതിരെ Sec. 305 IPC and 11 (I)(iv) of POCSO Act 2012 എന്നീ വകുപ്പുകൾ കൂട്ടിച്ചേർത്ത് നേരത്തേ കൂട്ടിച്ചേർത്ത 11(v) of POCSO Act എന്ന സെക്ഷൻ കുറവ് ചെയ്ത് അന്വേഷണം തുടരുന്നതിനു വേണ്ടിയുള്ള റിപ്പോർട്ട് ബഹു. കോടതി മുമ്പാകെ സമർപ്പിച്ചിട്ടുള്ളതാണ്. ഈ കേസിലെ പ്രതിയായ ഉസ്മാനെ അറസ്റ്റ് ചെയ്തിട്ടുള്ളതും ടിയാൻ ഇപ്പോൾ ജുഡീഷ്യൽ കസ്റ്റഡിയിലുമാണ്. |

സെക്ഷൻ ഓഫീസർ